ഉത്തരം

(എ, ബി) ഈ സാമ്പത്തിക വർഷം നൽകിയ കണക്ഷനുകൾ താഴെ ചേർക്കുന്നു:

	വൈദ്യുതി കണക്ഷൻ	ഗാർഹിക കണക്ഷൻ
ഏലത്തൂർ	9393	8002
തലക്കുളത്തൂർ	6262	5376
നൻമണ്ട	5916	4963
ബാലുശ്ശേരി	8050	6250
പനങ്ങാട്	7024	6390
ഉള്ള്യേരി	6382	5678
അത്തോളി	4685	3839

അപകടമരണങ്ങൾ ഒഴിവാക്കുവാൻ വൈദ്യുതി ബോർഡിന്റെ നടപടികൾ

16 [1913] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വിതരണരംഗത്തെ സുരക്ഷാപാളിച്ചകൾമൂലം എത്ര പേരാണ് മരണമടഞ്ഞിട്ടുള്ളത് ;

(ബി) അപകടമരണങ്ങൾ ഒഴിവാക്കുവാൻ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവിധ കാരണങ്ങളാൽ 146 പേർ ഷോക്കേറ്റ് മരിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സെക്ഷൻ ആഫീസുകളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപകട സാദ്ധ്യതയിലുള്ള പോസ്റ്റുകൾ, ലൈനുകൾ എന്നിവ ഉടനടി മാറ്റുന്നതാണ്. ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റുന്നുണ്ട്. അനധികൃതമായി വലിച്ചിട്ടുള്ള കേബിൾ റ്റി. വി. നെറ്റ് വർക്കുകൾ ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ലൈൻ സ്പേസേർസ്/പി. വി. സി. ഇൻസുലേറ്റഡ് കണ്ടക്ടേഴ്സ് എന്നിവ എൽ. റ്റി. ലൈനുകളിൽ ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly